# സമാഗമം

വിജയകുമാർ കളരിക്കൽ

"ഡോക്ടറാന്റീ , എനിക്കൊന്നും മനസ്സിലാകുന്നില്ല "

സുനുവിന് തന്റെ കാതുകളെ വിശ്വസിക്കാൻ കഴിയുന്നില്ല. മുന്നിലിരിക്കുന്ന ഡോക്ടർ രമണി പൗലോസിനേയും വിശ്വസിക്കാൻ കഴിയുന്നില്ല.

സുനിതയുടെ പ്രഗ്നൻസി ഉറപ്പാക്കിയപ്പോഴാണ് സുനുവും ഡോക്ടർ രമണി പൗലോസും തമ്മിലുള്ള അടുപ്പം കൂടിയത്. വളരെ വൈകിയുള്ള വിവാഹം, വിവാഹം കഴിഞ്ഞിട്ടും മൂന്നു വർഷം കാത്തിരുന്നതിനു ശേഷമുള്ള പ്രഗ്നൻസി. ഒരു ചെറിയ തുമ്മലോ, ഛർദ്ദിയോ ഉായാൽ ഓടിയെത്തുകയായി ഡോക്ടറുടെ മുന്നിൽ...........

അവന്റെ വെപ്രാളം കിട്ടായിരിക്കണം എല്ലായ്പ്പോഴും ഡോക്ടറുടെ മുഖത്ത് ഒരു പുഞ്ചിരി വിടർന്നു നില്ക്കുന്നത്. പിന്നിടു പറയുന്ന വാക്കുകളിലും കളിയാക്കലിന്റെ ഒരു ലാഞ്ചനയുായിരിക്കുന്നതും.

നാല്പത്തിയഞ്ചുകഴിഞ്ഞിട്ടും ഡോക്ടർ സുന്ദരിയാണ്. നോക്കി നോക്കിയിരിക്കെ, ചടുലമായ വാക്കുകൾ കേട്ടിരിക്കെ, സൗന്ദര്യം കൂടിവരുന്നതായി തോന്നും, ചിലപ്പോൾ സുനിതയേക്കാൾ സുന്ദരിയാണെന്നും സുനുവിന് തോന്നിയിട്ടു്.

അവൻ എന്നും അങ്ങിനെ തന്നെ ആയിരുന്നു. വിവാഹത്തിനു മുമ്പും, വിവാഹശേഷവും. സുന്ദരികളായ സ്ത്രീകളുടെ മുന്നിൽ അവന്റെ മനസ്സ് ലോലമായിപ്പോകുന്നു, പ്രണയാദ്രമായി മാറുന്നു. ആസ്വാദനക്കണ്ണുകളോടെ മാത്രമേ നോക്കാൻ കഴിയുന്നുള്ളു.

പക്ഷെ, ഡോക്ടറാന്റിക്ക് തന്നോടുള്ള അടുപ്പം വെറും കച്ചവട തന്ത്രമാണെന്ന് അവനറിയാം. ആശുപത്രിയുടെ ഉന്നമനം മാത്രമാണവർ നോക്കുന്നത്. കൂടുതൽ കൂടുതൽ ഉപകരണങ്ങൾ നിരത്താൻ, ശ്രേഷ്ടരായ ഡോക്ടർമാരെ കൊു വരുവാൻ...........

എങ്കിലും, ഇപ്പോളൊരു നുണപറയേകാര്യമില്ലല്ലോ....

അവർ പറയുമ്പോൾ തികച്ചും ഗൗരവമായിരുന്നു, ആമുഖത്ത്, മൂക്കിന്റെ തുമ്പത്ത്, മേൽചുുകൾക്ക് മേലുള്ള നനുത്തരോമങ്ങൾക്കിടയിൽ, താടിയിൽ വിയർപ്പുകണങ്ങൾ പൊടിഞ്ഞുനിന്നിരുന്നു. ആ ശബ്ദത്തിനും ഒരുവിഷാദഭാവമുായിരുന്നു.

"സുനു..... നിനക്കെങ്ങിനെയിങ്ങനെയൊരു അബന്ധം പറ്റി ?......."

സുനിതയുടെ ശാരീരിക മാനങ്ങൾ അറിയുവാനുള്ള ടെസ്ററു പരമ്പരകളുടെ കൂടെ അവന്റെ രക്തവും വിശദമായ പരിശോധനക്ക് വിധേയമാക്കിയപ്പോൾ, ഉള്ളിൽ സുനാമികളെ പോലെ ഭീതി കൊതാണ്. ആ ഭീതി സത്യമായിരിക്കിന്നു.

"സുനിത കുഞ്ഞായിരിക്കുമ്പോഴെ എനിക്കറിയാം. ഒരു ജലദോഷം വന്നാലും എന്നെ വന്നെ കാണുകൊള്ളായിരുന്നുള്ളൂ...."

ഡോക്ടറുടെ മേശമേലിരിക്കുന്ന ചൈനീസ് നിർമ്മിത പേപ്പർ വെയിറ്റ് അവന്റെ കണ്ണുകളിൽ നിറഞ്ഞുനിന്നു. ചില്ലിൽ തീർത്ത് അതിന് ഒരുട്രക്കിന്റെ ആകൃതിയാണ്. സുതാര്യമായ അതിന്റെ പുറന്തോടിനുള്ളിൽ എന്തോ ദ്രാവകത്തിൽ ചലിച്ചുകൊിരിക്കുന്ന സ്വർണ്ണനിറമുള്ള മുത്തുകൾ.......

"ഇറ്റ്സ് യുവർ മിസ്റ്റേക്ക്"

അവൻ നോക്കിയിരിക്കെ, ആ മുത്തുകൾ വലുതായി, വലുതായി, ട്രക്ക് വലുതായി, മുറിയിൽ നിറഞ്ഞ് അവന് നേരെ ചീറിപ്പാഞ്ഞുവന്നു......

ആട്രക്കിൽ എഴുതിയിരിക്കുന്ന പേര് ഇപ്പോൾ അവന് വായിക്കാം....

മഞ്ഞ പ്രതലത്തിൽ, ചുവന്ന അക്ഷരങ്ങളിൽ.....

എ - ഐ - ഡി - സ്

അവന് ആമുഖം ഓർമ്മയിലെത്തുന്നു. അവളുടെ, ശാന്തിയുടെ.........

കവിളുകൾതുടുത്ത്,തടിച്ചചുുകളുമായിട്ട്......

കറുത്ത നീളംകുറഞ്ഞ മുടി ചുരുട്ടിട്ടാണ്, മുറ്റിത്തഴച്ചാണ് വളരുന്നത്.

അവളെ അവസാനംക ആ രാവ് ഓർയിലെത്തുകയാണ്.

അവൻ നഗരത്തിന്റെ തിരക്കിൽനിന്നും കുറച്ചകലെ, സ്വേദാ ഇന്റർനാഷണൽ റസ്റ്റോറന്റിന്റെ ശിതീകരിച്ച തീറ്റമുറിയിൽ മൂന്നുപേർക്കിരിക്കാവുന്ന മേശയിൽ തനിച്ച്..........

അടുത്ത ഹാൾ ബാറിന്റേതാണ്. ബാറിലെ തിരക്കിൽ നിന്നും അകന്നിരുന്ന്, അല്പം ഹോട്ടുകഴിക്കണമെന്ന് മോഹമുങ്കിൽ, മോഹമുള്ള ആൾ നോട്ടത്തിൽ മാന്യനെന്ന് തോന്നുമെങ്കിൽ, വെയിറ്റർമാർ ഇവിടെ, ഈ മേശമേലും അല്പം മദ്യം കെടുക്കാൻ സന്നദ്ധരാണ്.......

അങ്ങിനെ വെയിറ്ററുടെ സന്നദ്ധയിൽ തനിക്ക് കിട്ടിയ രുപെഗ്ഗ് വിസ്കിയിൽ മുന്ന് ഐസ് ക്യുബുകളിട്ട്, മെല്ലെ നുണഞ്ഞ്, മുന്നു ചപ്പാത്തിക്കും, ഒരു ഹാഫ് ചില്ലിചിക്കനും വേി കാത്തിരിക്കുകയായിരുന്നു..........

അടുത്തുള്ള  ടേബിളുകളൊന്നും ഒറ്റപ്പെട്ടവരുടെതായിരുന്നില്ല. മേശമേൽ മാത്രം വെളിച്ചം കിട്ടും വിധം, തളർന്നു കത്തുന്ന ഒരു ചിമ്മിണി വിളക്കിന്റേതുപോലെയാണ്  വെളിച്ച സജ്ജീകരണം. അതുകൊ് അടുത്ത ടേബിളുകളിലെ മുഖങ്ങൾ തിരിച്ചറിയാൻ കഴിയുകയില്ല. എങ്കിലും മർമ്മരങ്ങളും അടക്കിയ ചിരികളും, പാത്രങ്ങൾ കുട്ടിയുരസുന്ന ശബ്ദങ്ങളും കേൾക്കാൻ കഴിയും.

മൂന്നുസിപ്പു കൊ ഒന്നരപ്പെഗ്ഗ് കഴിച്ചു കഴിഞ്ഞിട്ടും അവൻ കാത്തിരുന്നു.

സ്വേദഇന്റർ നാഷലിന് പുറത്ത് നഗരം, പകൽ ചുടിൽ വെന്ത് ഇരുട്ടായപ്പോൾ ആവി പറന്നുകൊിരിക്കുകയാണ്. ഇനിയും ഏറിയാൽ ഒരുമണിക്കൂറിൽ കൂടുതൽ ആവിപറക്കില്ല. അപ്പോഴേക്കും കുളിരായി ആകാശം താണിറങ്ങിവരും. തുടർന്നു  നേരം പുലർന്ന് പതിനൊന്നുമണിവരെ തണുപ്പായിരിക്കും.

ഡിസ്ക്കഷന് കത്തുകിട്ടുമ്പോൾ ദേഷ്യമായിരുന്നു. മാസത്തിൽ ഒരു ഡിസ്ക്കഷൻ, രുമാസം കൂടുമ്പോൾ സ്റ്റഡിക്ലാസ്സ്. രാജ്യത്തിന്റെ ഏതെങ്കിലും കോണിലെ സ്റ്റാർ ഹോട്ടലിൽ അഞ്ചാറു ദിവസം നീുനില്ക്കുന്ന താമസ്സം. അതുവരെ ചെയ്തുതീർത്ത ജോലിയുടെ റിപ്പോർട്ടുകൾ, വിറ്റഴിച്ച സാധനങ്ങളുടെ സ്റ്റേറ്റ്മെന്റുകൾ എല്ലാം തയ്യാറാക്കി എത്തിയിരിക്കണംതുടർന്നു തരുന്ന നിർദ്ദേശങ്ങളിലൂടെ, പാതയിലൂടെ, വിലകളിലൂടെ സാധനങ്ങൾ മാർക്കറ്റിൽ വിറ്റുകൊടുക്കണം. ഒരു സെയിൽസ് റെപ്രസന്റേറ്റീവിന്റെ വിഷമവും ദു:ഖവും എക്സിക്കൂട്ടിവുകൾക്ക് എങ്ങിനെ അറിയാൻ കഴിയും. എയർകീഷൻ ചെയ്ത മുറികളിൽ, കറങ്ങുന്ന കസേരയിൽ ഇരുന്ന് തിയറി എഴുതിയുാക്കി, ഗ്രൂപ്പ് ഡിസ്കഷൻ നടത്തിയും, സ്റ്റഡി ക്ലാസ്സ് എടുത്തും പ്രതിനിധികളുടെ തലയിൽ കയറ്റിയാൽ അവരുടെ ജോലി തീർന്നു.

സ്വേദഇന്റർനാഷണനിൽ എത്തിയപ്പോൾ അവന് തോന്നി കമ്പനിയുടെ ആസ്തി വളരെ അധികരിച്ചിട്ടുന്നെ്.

സ്റ്റാറിന്റെ  എണ്ണം കൂടിയിരിക്കുന്നു!

അവനെഴിച്ച് മറ്റെല്ലാവരും വടക്കേന്ത്യക്കാരാണ്. എന്നും അവരൊരു ഗാംഗായിട്ടാണ് കിട്ടുള്ളത്. സുനുവിന കൂട്ട ് ഒരു കർണ്ണാടകക്കാരനും  ഒരു മദ്രാസിയുമാണ് ഉാകാറ്. പക്ഷെ, കർണ്ണാടകക്കാരൻ പ്രമോഷനായിട്ട്  ട്രെയിനിങ്ങിനപോയിരിക്കുന്നു, മദ്രാസി അസുഖംകാരണം എത്തിയിട്ടുമില്ല.

ഗ്രൂപ്പ് ഡിസ്ക്കഷനും പഠനവും രു ദിവസം കൊതന്നെ മടുത്തിരിക്കുന്നു. ചൂടിനെ വക വക്കാതെ നഗരത്തിൽ ചുറ്റാമെന്നുവച്ചാലോ, അവന്റെ കൈവശമുള്ള ഇംഗ്ലീഷും തപ്പിതടഞ്ഞുള്ള ഹിന്ദിയും വിലപ്പോവുകയുമില്ല.

ഹോട്ടിന്റെ ഗ്ലാസ്സ് കാലിയാക്കിയപ്പോഴേക്കും തലയിലെ സിരകളിൽ ഒരു തരിപ്പ് അരിച്ചു കയറുന്നത് അവന് ഗ്രഹിക്കാനാവുന്നു്. ഇനിയും ആഹാരം എത്താത്തതിൽ ദേഷ്യം തോന്നിയിരിക്കവെ,

“ഹലോ സുനു........!”

ഇരുളിൽ തിരിച്ചറിയാൻ കഴിയാത്ത സ്ത്രീ ശബ്ദം അവൻ കേട്ടു.

ഇരുളിൽ നിന്നും അവന്റെ മേശയിലെ വെളിച്ചത്തിലേക്ക് നീങ്ങി അവൾ കസേരയിലിരുന്നു.

“എന്നെ അറിയുമോ? ”

അവൾ ദൽഹിക്കാരുടെ ഹിന്ദിയിലാണ് ചോദിച്ചത്, സ്വരം അധികമായ

മദ്യത്തിൽ കുഴഞ്ഞിരിക്കുന്നു.

മങ്ങിയ വെളിച്ചത്തിൽ, കറുത്ത ഗ്ലാസ്സ് വച്ച, തുടുത്ത, ചുവന്ന കവിളുകളുള്ള സ്ത്രീയെ തിരിച്ചറിയാൻ അവൻ ശ്രമിച്ചു കറുത്ത, ചുരു, മുറ്റിയ മുടിയുള്ള..................

അവൾ കണ്ണടയെടുത്തു,

തിളക്കമുള്ള ആ കണ്ണുകൾ.........

അവൻ, അവളെ തിരിച്ചറിയുകയായിരുന്നു, മനസ്സിനുള്ളിൽ ഒരുകുളിർമ്മയായി, സിരകളിൽ പടരുന്ന വിസ്ക്കിയോടൊപ്പം ഹരമായി അരിച്ചു കയറുന്ന, ഓർമ്മയായി അവൾ ബോധത്തിലേക്കിറങ്ങി വരികയായിരുന്നു.

" ശാന്തി ? "

"യേസ്,......... ശാന്തി."

അവൾ തടിച്ചിരിക്കുന്നു, അവയവങ്ങൾ കൂടുതൽ ആകർഷണീയമായിരിക്കുന്നു.

"നീയിവിടെ ? "

"ഞാനിവിടെയാണ് ഒരു മാസമായിട്ട്, വിക്രം മദൻലാലിന്റെ ഭാര്യയായിട്ട്..... അവന്റെ മാത്രമല്ല. അവന്റെ മുറിയിലെത്തുന്ന പലരുടെയും...... നമ്മൾ പരിചയപ്പെട്ടിട്ട് എത്രനാളായീന്നറിയുമോ ? "

"ഇല്ല. എനിക്കോർമ്മയില്ല."

"ഓർമ്മ കാണില്ല. കാരണം സുനുവിന്റെ അടുത്ത് അങ്ങിനെ എത്രയോ പേരു വന്നിട്ടുാകും...... പക്ഷെ, എനിക്ക് മറക്കാൻ കഴിയുന്നില്ല. എന്റെ ജീവിതത്തിൽ ഏറ്റവും സ്നേഹം കാണിച്ചിട്ടുള്ളത് നിങ്ങളാണ്...... രു മൂന്നു ദിവസത്തേക്കാണെങ്കിലും.............."

"പ്ലീസ്, ലിവിറ്റ് ശാന്തി..... നിനക്ക് കഴിക്കാനെന്താണ് ?"

"എലാർജ് ........"

"ഓ.... ശാന്തി..... യു ആർ റ്റുമച്ച്."

"നോ..... ഐ വ്........"

വെയിറ്ററെത്തിച്ച ഒരു ലാർജ് വിസ്ക്കികി അകത്തെത്തികഴിഞ്ഞപ്പോൾ ശാന്തി നല്ല ഫോമിലായിയെന്ന് സുനുവിന് മനസ്സിലായി.

അവൾക്കായിട്ടെത്തിയ ചപ്പാത്തിയും ചില്ലിചിക്കനും പകുതിപോലും കഴിക്കാനാകാതെ, വിരലുകൾ പാത്രത്തിലൂടെ ഉഴുതു നടന്നു.

അവൾ വാചാലയാവുകയാണ്. മാതൃഭാഷയിലായതുകൊ് സുനുവിന് അത്ര അസഹ്യതതോന്നിയില്ല. അവളെ വിട്ട് അകലാൻ താല്പര്യവും തോന്നിയില്ല.

" സുനു ഓർമ്മിക്കുന്നുോ ഞാൻ നിങ്ങളെ ആദ്യം വിളിച്ചത് 'സാറെ ' യെന്നായിരുന്നു. പക്ഷെ, നിങ്ങൾ തടഞ്ഞു. സുനുവെന്ന് വിളിക്കുന്നതാണിഷ്ടമെന്ന് പറഞ്ഞു......... ഓർമ്മിക്കുന്നോ അത്..ആ രാത്രി ......രുവർഷം കഴിഞ്ഞതേയുള്ളു........ പ്രേമം, ഒളിച്ചോടൽ........ രക്ഷ തേടിയെത്തിയവർ നിങ്ങളുടെ അടുത്ത്..... നിങ്ങളുടെ ഉറ്റ സ്നേഹിതനായിരുന്നല്ലോ മനോജ്...... ഒളിച്ചു പാർക്കൽ നിങ്ങളുടെ എസ്റ്റേറ്റിലെ ഒഴിഞ്ഞുകിടക്കുന്ന വീട്ടിൽ....... രാമതു രാത്രി എന്റെ മുറിയിൽ വന്നത് എന്നെ പ്രേമിച്ച് വിളിച്ചിറക്കിക്കൊുവന്ന മനോജായിരുന്നില്ല...........നിങ്ങളായിരുന്നു...... ഓർക്കുന്നോ....... ഞാനാകെ തകർന്നു പോയിരുന്നു, തളർന്നു പോയിരുന്നു.........സാറെ എന്നെ ഒന്നും ചെയ്യരുതെന്ന് കേണപേക്ഷിച്ചു........ നിങ്ങൾ അതുകേട്ടു സാറെ എന്നുവിളിക്കരുതെന്നു പറഞ്ഞു....... പിറ്റേന്ന് പകൽ എനിക്കുവേി ഒരു പാടു വസ്ത്രങ്ങളും, ഇഷ്ടമുള്ള ആഹാരവും എത്തിച്ചു തന്നു.......പക്ഷെ, മനോജിനെ തന്നില്ല....... അവനെ കൊന്നോ എന്നു ചോദിച്ചുകരഞ്ഞപ്പോൾ അവൻ മുറിയിലേക്ക് കയറിവന്നു...... അവൻ എന്നെയും കൂട്ടി എവിടെയെങ്കിലും പോകുമെന്നാണ് കരുതിയത്...... പക്ഷെ, മദ്യത്തിൽക്കുഴഞ്ഞ അവന്റെ നാക്കിൽ നിന്നും പുറത്തുവന്ന വാക്കുകളിൽ അധികവും തെറികളായിരുന്നു. എന്റെ മാനത്തെപ്പോലും ചോദ്യം ചെയ്യുന്നതായിരുന്നു. തുടർന്ന് മൂന്നുരാവും രുപകലുകളും നിങ്ങളുടെ സ്നേഹം ഞാനറിഞ്ഞു....... എന്റെ ശരിരത്തിന്റെ സാധ്യതകളും..........."

മങ്ങിയ വെളിച്ചത്തിലാണെങ്കിലും സുനുവിന് അവളുടെ മുഖം കാണാം. അവിടെ ദേഷ്യമോ വൈരാഗ്യമോ ഇല്ലെന്ന് തിരിച്ചറിയാം. അവന്റെ വിരലുകൾ, മേശമേലിരുന്ന അവളുടെ കൈപ്പത്തിയിലമർന്നപ്പോൾ ചുകളിൽ പുഞ്ചിരി

വിടർന്നുവരുന്നതവൻ കു.

അവന്റെ നാവ് ചപ്പാത്തിയുടെ സ്വാദ് അറിയുകയുയായിരുന്നു. ഇതിന് മുമ്പൊന്നും ഇത്രയേറെ സ്വാദോടെ ചപ്പാത്തി കഴിച്ചിട്ടില്ലെന്ന് അവനു തോന്നി പ്പോയി.

“മുന്നു ദിവസം കഴിഞ്ഞ് നിങ്ങളെന്നെ ഏല്പ്പിച്ചത് ഒരു സാറാച്ചേടത്തി യുടെ അടുത്താണ്. അവിടെ നിന്നും എന്റെ പ്രയാണം തുടങ്ങുകയായിരുന്നു. പുതിയ പുതിയ ദേശങ്ങൾ വഴി പുതിയ പുതിയ സംസ്ക്കാരങ്ങൾ തേടി.......”

ലിഫ്റ്റ് വഴി മുറിയിലേക്ക് പോകുമ്പോൾ അവൾ സുനുവിന്റെ തോളത്ത് തുങ്ങീയാണ് കിടന്നിരുന്നത്. അവളുടെ പാദങ്ങളെ നിയന്ത്രിക്കാൻ അവൾക്കാ കുമായിരുന്നില്ല.

ലിഫ്റ്റ്കടന്ന് ഇടനാഴിയിലൂടെ നടക്കുമ്പോൾ അവിടമാകെ കുളിർ പതുങ്ങി നില്ക്കുന്നത് സുനു അറിഞ്ഞിരുന്നു. അവനുള്ളിൽ നിന്നും വിസ്ക്കി അകന്നു കൊിരുന്നു. അവിടേക്ക് ശാന്തി നുരഞ്ഞ് കയറിപ്പടരുകയായിരുന്നു.

സ്വേദയിലെ അവന്റെ മുറി, ഏസി ഓഫ് ചെയ്യാതിരുന്നതിനാൽ തണുത്ത് വിറങ്ങലിച്ചുകിടന്നിരുന്നു.

ഏസി ഓഫ് ചെയ്ത് ഹീറ്റർ ഓൺ ചെയ്ത് അവൻ തിരിയുമ്പോൾ, അവൾ ബഡ്ഡിൽ അനാവൃതയായി, ജ്വാലയായി അവന്റെ സിരകളിലേക്ക് അഗ്നിയായി പ ടരാൻ വെമ്പൽ കൂട്ടുകയായിരുന്നു.

“ഓ.... മൈഗോഡ്.........!”

സുനുവിന് ഡോക്ടർ രമണി പൗലോസിന്റെ മുറിയിലെ ട്യൂബ്ലൈറ്റ് ചിന്നി ച്ചിതറുന്നതായിട്ടുതോന്നി, അവിടെമാകെ ഇരുട്ട് പടരുന്നതായിട്ടും.

&&&&&&&&&&&&&&